**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2059. 17.03.2015 ൽ മറുപടിയ്ക്ക്.

## യാത്രാനിരക്ക് വർദ്ധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം**<br>**,, സി.കെ സദാശിവൻ**<br>**,, എസ്.രാജേന്ദ്രൻ**<br>**,, കെ.ദാസൻ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) | സർക്കാരും വാഹനഉടമകളും യാത്രാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി ഓരോ ഘട്ടത്തിലും പ്രധാനമായും ഉന്നയിച്ചിരുന്ന ആവശ്യം എന്തായിരുന്നു; | (എ) | ഇന്ധനവിലയിലുള്ള വ്യതിയാനം, സ്പെയർ പാർട്സ് വില വർദ്ധന, തൊഴിലാളികളുടെ ശമ്പള വർദ്ധന മറ്റ് അനുബന്ധ മേഖലകളിലെ വർദ്ധന. |
| (ബി) | ഈ സർക്കാർ എത്ര തവണ യാത്രാ നിരക്ക് വർദ്ധിപ്പിക്കുവാൻ തീരുമാനം കൈക്കൊള്ളുകയുണ്ടായി, ഓരോ ഘട്ടത്തിലേയും ഒരു ലിറ്റർ ഡീസലിന്റെയും പെട്രോളിന്റെയും വില എത്രയായിരുന്നു; നിലവിലുള്ള വില എത്ര;വ്യക്തമാക്കുമോ; | (ബി) | 3 തവണ<br>ഓരോ ഘട്ടത്തിലേയും ഒരു ലിറ്റർ ഡീസലിന്റെ വില ചുവടെ ചേർക്കുന്നു.<br>08/08/2011 – 43.73 രൂപ<br>11/11/2012 – 48.73 രൂപ<br>20/05/2014 – 60.88 രൂപ<br>ഡീസലിന്റെ നിലവിലുള്ള വില – 54.23 രൂപ (11/03/2015) |
| (സി) | നിലവിലുള്ള ഇന്ധനവിലയുടെ അടിസ്ഥാനത്തിൽ യാത്രാ നിരക്കിൽ എത്ര ശതമാനം കുറവ് വരുത്താൻ കഴിയും ; | (സി) | ഇന്ധനവില സ്ഥായിയായി നില നിൽക്കാത്തതിനാലും, സ്പെയർ പാർട്സ് വില വർദ്ധന, തൊഴിലാളികളുടെ ശമ്പള വർദ്ധന മറ്റ് അനുബന്ധച്ചെലവുകളിലെ വർദ്ധന എന്നിവയും യാത്രാ നിരക്ക് |

| | | | |
|---|---|---|---|
| | | | നിശ്ചയിക്കുന്നതിലെ ഘടകങ്ങളാണ്. യാത്രാ നിരക്ക് കുറയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ലഭിച്ച നിവേദനങ്ങളിന്മേൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | ഏറ്റവും വില കുറഞ്ഞ ഇന്ധനം ഉപയോഗിച്ച് ബസ് ഓടിക്കാനുള്ള കെ.എസ്.ആർ.ടി.സി.യുടെ പ്രഖ്യാപിത തീരുമാനം നടപ്പിൽ വന്നിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം ബസ്സുകളിൽ ഇത് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ.